"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.കുര്യാക്കോസ് സാബു, മാനേജിംഗ് പാർട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോളി, വെച്ചൂച്ചിറ പി.ഒ, പത്തനംതിട്ട സമർപ്പിച്ച രണ്ടാം അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1025/2024/ID തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. പത്തനംതിട്ട ജിയോളജിസ്റ്റിന്റെ 02.12.2023 തീയതിയിലെ 1619/ഡിഒപിറ്റിഎ/എം/2021 നമ്പർ ഡിമാന്റ് നോട്ടീസ്.
2. 26.03.2024 തീയതിയിലെ സ.ഉ.(സാധാ)നം.252/2024/വ്യവ ഉത്തരവ്.
3. ശ്രീ.കുര്യാക്കോസ് സാബു, മാനേജിംഗ് പാർട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോളി, വെച്ചൂച്ചിറ പി.ഒ, പത്തനംതിട്ട 05.04.2024 തീയതിയിൽ സമർപ്പിച്ച രണ്ടാം അപ്പീൽ പെറ്റീഷൻ
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 19.09.2024-ലെ ഡിഎംജി/2363/2023-എം2 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിൽ സർവ്വേ നമ്പർ 781/1-28-24, 781/1-28-02 എന്നിവയിൽപ്പെട്ട 97 ആർ സ്ഥലത്തു നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ശ്രീ.സാബു കുര്യാക്കോസ്, മാനേജിംഗ് പാർട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോലി, വെച്ചൂച്ചിറ പി.ഒ, പത്തനംതിട്ട എന്ന വ്യക്തിക്ക് 01/09/2022 വരെ അനുവദിച്ചിരുന്ന ക്വാറിയിംഗ് പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ നടപടിക്രമത്തിന്റെയും, ജില്ലാ കളക്ടറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ ടി ക്വാറിയിൽ നടന്ന ഖനനം താലൂക്ക് സർവ്വേയർ മുഖാന്തരം അളന്നു തിട്ടപ്പെടുത്തി ഖനനത്തിന്റെ വിസ്തൃതി രേഖപ്പെടുത്തിയ സ്കെച്ച് പ്രകാരം 781/1-28-24, 781/1-28-D2 സർവ്വേ നമ്പരുകൾ കൂടാതെ 781/1-26pt, 781/1-30, 781/1-22, 781/1-28-20, 781/1-28-22pt 781/1-26pt, 781/1-32, 781/1-21-126, 781/1-16pt, 781/1-30, 781/1-16 സർവ്വേ നമ്പരുകളിൽ നിന്നും ഖനനം നടന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ സാന്നിദ്ധ്യത്തിൽ 31.01.2023 ൽ സ്ഥലപരിശോധന നടത്തി ഉയരം നിർണയിച്ചിട്ടുള്ളതും, ഇപ്രകാരം ക്വാറിയിൽ നിന്ന് അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 55,03,835.25 മെ.ടൺ കരിങ്കല്ലിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 39,67,76,138/- രൂപ (മുപ്പത്തി ഒൻപത് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപത്താറായിരത്തി ഒരുന്നൂറ്റി മുപ്പത്തിയെട്ടു രൂപ മാത്രം) ഒടുക്കേണ്ടതാണെന്ന് അറിയിച്ച് 20.04.2023-ന് പത്തനംതിട്ട ജിയോളജിസ്റ്റ് നൽകിയ 27.04.2023 ലെ ഡിമാന്റ്

നോട്ടീസിനെതിരെ ശ്രീ.സാബു കുര്യാക്കോസ്, മാനേജിംഗ് പാർട്ട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോലി, വെച്ചൂച്ചിറ.പി.ഒ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും, മൈനിംഗ് & ജിയോളജി ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽ കേൾക്കുകയും അനധികൃതമായി ഖനനം ചെയ്തതായി ഡിമാന്റ് നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന 5503835.25 MT കരിങ്കല്ല് ഏതൊക്കെ കാലയളവുകളിലാണ് ഖനനം ചെയ്തതെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തി ആയതിന് ടി കാലയളവിൽ നിലനിന്ന കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം പുനർ നിർണയിച്ച പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകണമെന്ന് 05.10.2023 ൽ സ.ഉ(സാധാ) നം. 1027/2023/വ്യവ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം ജില്ലാ ഓഫീസിന്റെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ 27-11-2023 തീയതിയിൽ ജില്ലാ ജിയോളജി ഓഫീസിൽ അനധികൃത ഖനനം നടത്തിയ കാലയളവ് തിരിച്ചുള്ള RQP സ്കെച്ചിന്റെയും, ജില്ലാ ഓഫീസിൽ നിന്നും നടത്തിയ ശാസ്ത്രീയ പരിശോധനയുടെയും അടിസ്ഥാനത്തിൽ നിലവിൽ അനധികൃത ഖനനം ചെയ്തതായി കണ്ടെത്തിയിട്ടുള്ള 55,03,835.25 മെ.ടൺ ധാതുവിൽ 6,80,895.25 മെ.ടൺ ധാതു 06/02/2015 വരെ നിലനിന്ന 1967ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ഖനനം ചെയ്തും അവശേഷിക്കുന്ന 48,22,940 മെ.ടൺ ധാതു 07/02/2015-ന് ശേഷം നിലവിൽ വന്ന 2015-ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ഖനനം ചെയ്തതാണെന്ന് ബോധ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാസ്പദമായ സ്ഥലത്തു നിന്നും 6,80,895.25മെ.ടൺ കരിങ്കല്ല് അനധികൃത ഖനനം ചെയ്തതിന്റെ 1967 കെ. എം. എം. സി ചട്ടപ്രകാരമുള്ള റോയൽറ്റി (680895.25 Rs16/Ton) 10894324/- രൂപയും, പിഴ - 5000/- രൂപയും, ബാക്കി 48,22,940 MT കരിങ്കല്ല് അനധികൃത ഖനനം ചെയ്തതിന്റെ 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള റോയൽറ്റി വില(48,22,940 x Rs.72/Ton) 347251680/- രൂപയും, പിഴ 5,00,000/- രൂപയും ഉൾപ്പെടെ ആകെ 35,86,51,004/- രൂപ (മുപ്പത്തി അഞ്ച് കോടി എൺപത്തി ആറു ലക്ഷത്തി അൻപത്തി ഒന്നായിരത്തി നാല് രൂപ മാത്രം) ഒടുക്കുന്നതിനും അല്ലാത്ത പക്ഷം ടി തുക ഹർജിക്കാരനിൽ നിന്നും ഈടാക്കുന്നതിന് റവന്യ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് പത്തനംതിട്ട ജിയോളജിസ്റ്റ് 02.12.2023 ൽ പുറപ്പെടുവിച്ച പുതുക്കിയ പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.കര്യാക്കോസ് സാബു 18.01.2024 ൽ വീണ്ടും അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

3. പ്രസ്തുത അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ 20/03/2024-ൽ ഒന്നാം അപ്പിൽ അധികാരി നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്കു വേണ്ടി അഡ്വക്കേറ്റും, പത്തനംതിട്ട ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

4. അപ്പീൽകക്ഷിയുടെ വാദത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിക്കുകയുണ്ടായി. മൈനിംഗ് & ജിയോളജി ഡയറക്ടറുടെയും ജില്ലാ കളക്ടറുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുവല്ല RDO യുടെ നേതൃത്വത്തിൽ താലൂക്ക് സർവ്വേയർമാരുടെ ടീം രൂപീകരിച്ച് ഏകദേശം 4 മാസത്തോളം സമയം എടുത്ത് ശാസ്ത്രീയമായി നടത്തിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രകാരമാണ് അപ്പീൽ പെറ്റീഷണറുടെ ക്വാറിയിൽ നടന്ന കരിങ്കല്ല് ഖനനത്തിന്റെ വിസ്തൃതി തിട്ടപ്പെടുത്തിയിട്ടുള്ളത്. റവന്യൂ വകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ മേൽനോട്ടത്തിലാണ് ക്വാറിയിലെ ഖനനം നടന്ന ഏരിയയുടെ താഴ്ച

രേഖപ്പെടുത്തി ക്വാറിയിൽ നടന്ന ആകെ അനധികൃത ഖനനം തിട്ടപ്പെടുത്തി അപ്പീൽ പെറ്റീഷണർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. അപ്പീൽ പെറ്റീഷണറുടെ സാന്നിദ്ധ്യത്തിലാണ് ക്വാറിയിലെ ഖനനം നടന്ന ഏര്യയുടെ താഴ്ച രേഖപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ചുള്ള മഹസ്സറിൽ അപ്പീൽ കക്ഷി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സർവ്വേയിൽ പൊരുത്തക്കേടുള്ളതായി സർവ്വേ നടന്ന വേളയിലോ ജിയോളജിസ്റ്റ് ഹിയറിംഗ് നടത്തിയ വേളയിലോ ക്വാറി ഉടമ അറിയിച്ചിട്ടില്ലാത്തതാണ്. കൂടാതെ താലൂക്ക് സർവ്വേയറുടെ സ്കെച്ചും RQP യുയെ സ്കെച്ചും പരിശോധന നടത്തിയതിൽ RQP യുടെ സ്കെച്ചിൽ ഏകദേശം 38 ആർ കുറവാണെന്ന് കാണുന്നതായും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകളിൽ നിന്നും ക്വാറിയിലെ അനധികൃത ഖനനത്തിലെ അളവ് സംബന്ധിച്ച അപ്പീൽ കക്ഷിയുടെ വാദഗതിയിൽ കഴമ്പുള്ളതായി കാണാത്തതിനാൽ ക്വാറിയിലെ അനധികൃത ഖനനത്തിലെ അളവ് സംബന്ധിച്ച വാദം 16/8/2023 ന് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ ഉ (സാധാ) നം.1027/2023/വ്യവ തീയതി 5/10/2023 ഉത്തരവ് പ്രകാരം പരിഗണിച്ചിരുന്നില്ല. അതിനാൽ അളവ് സംബന്ധിച്ച് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തീരുമാനത്തിൽ നിന്ന് വ്യതിചലിക്കുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ ധാതു അനധികൃതമായി ഖനനം നടത്തിയ കാലഘട്ടം സംബന്ധിച്ചും അതിന് നിശ്ചയിച്ച പെനാലിറ്റി സംബന്ധിച്ചുമുള്ള അപ്പീൽ കക്ഷിയുടെ വാദത്തിൻമേൽ, അധിക ഖനന / അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയും മാനദണ്ഡങ്ങൾ നിഷ്കർഷിച്ചും പുറപ്പെടുവിച്ച സ ഉ (കൈ) നം.61/2023/വ്യവ തീയതി 23/8/2023 ഉത്തരവ്, സ ഉ (കൈ) 21/2024/വ്യവ തീയതി 5/3/2024 ഉത്തരവ് എന്നിവ പ്രകാരമുള്ള രേഖകൾ സഹിതം അപേക്ഷ 31/3/2024 നകം സമർപ്പിക്കുവാൻ അപ്പീൽ കക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ടും പ്രസ്തുത അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ പത്തനംതിട്ട ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായിരുന്നു.

5. മേൽ സർക്കാർ ഉത്തരവിനെതിരെയാണ് ഹർജിക്കാരൻ രണ്ടാം അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 04.07.2024 ന് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരന്റെ അഡ്വക്കേറ്റ്, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും, പത്തനംതിട്ട ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

6. ഹിയറിങ് വേളയിൽ അപ്പിൽ പെറ്റീഷണർ അനധികൃത ഖനനം തിട്ടപ്പെടുത്തിയത് സംബന്ധിച്ച് ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

(1) CRPS സിസ്റ്റം പ്രകാരം അനുമതി നൽകിയ സ്ഥലത്ത് നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തി KMMC ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം പിഴ ഈടാക്കാനുള്ള പ്രൊവിഷൻ ഇല്ല.

2) അപ്പിൽ പെറ്റീഷണറുടെ ഉടമസ്ഥതയിലുള്ള ക്വാറിയിൽ നടന്ന അനധികൃത ഖനനം തിട്ടപ്പെടുത്തിയിരിക്കുന്നത് ശാസ്ത്രീയമായ രീതിയിൽ അല്ലായെന്നും 2004 മുതൽ പ്രവർത്തിക്കുന്ന ക്വാറിയിൽ നടന്ന 5503835.25 മെട്രിക് ടൺ അനധികൃത ഖനനത്തിൽ 4822940 മെട്രിക് ടൺ ഖനനം ചെയ്തത് 2015 മുതലാണെന്നതിന് യാതൊരു അടിസ്ഥാനവും ഇല്ല. കൂടാതെ, 2013 മുതൽ 2017 വരെ ക്വാറിക്ക് പ്രവർത്തനാനുമതി ഇല്ലായിരുന്നു.

3) RQP നൽകിയ കണക്ക് പ്രകാരം ജിയോളജിസിറ്റ് 10 ലക്ഷം ടൺ അളവ് കുറവ് ചെയ്യേണ്ടതുണ്ട്.

7. ഹർജിക്കാരൻ ഉന്നയിച്ച വാദങ്ങൾ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം(4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

1. അപ്പിൽ പെറ്റീഷണറുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തേക്ക് 1 എണ്ണം CRPS പെർമിറ്റാണ് ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിട്ടുള്ളത്. CRPS സിസ്റ്റം പ്രകാരം പെർമിറ്റ് അനുവദിക്കുന്നത് ഏരിയയ്ക്ക് ആണെങ്കിലും ടി പെർമിറ്റിനോടൊപ്പം അനുവദിക്കുന്ന വാഹനങ്ങളിൽ ധാതു കടത്തുവാനുള്ള ട്രാൻസിറ്റ് പാസിൽ നീക്കം ചെയ്യുന്ന ധാതുവിന്റെ അളവ് രേഖപ്പെടുത്തേണ്ടതുണ്ട്. കൂടാതെ 2015 ന്, ശേഷം അനുവദിച്ചിട്ടുള്ള CRPS പെർമിറ്റുകൾക്ക് അംഗീകരിച്ച മൈനിങ് പ്ലാൻ പ്രകാരമുള്ള അളവ് ബാധകമാണ്. അപേക്ഷന്റെ ഉടമസ്ഥതയിലുള്ള ക്വാറിയിലേക്ക് CRPS പെർമിറ്റ് ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിട്ടുണ്ടെങ്കിലും ടി പെർമിറ്റ്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിയമത്തിൽ പരാമർശിക്കുന്ന പ്രകാരം എത്ര അളവ് ധാതു ഖനനം നടത്തിയിട്ടുണ്ട് എന്ന റിട്ടേണുകളൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. ഇപ്രകാരം റിട്ടേണുകൾ സമർ പ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 40000 MT ധാതു CRPS പെർമിറ്റ് പ്രകാരം നിയമാനുസൃതമായി ഖനനം നടത്തി എന്ന് നിശ്ചയിച്ചിട്ടുള്ളതും ആകെ ഖനനം നടത്തിയ അളവിൽ നിന്നും ടി 40000 MT കുറച്ചിട്ടുള്ളതുമാണ്.

2. വിജിലൻസ് വകുപ്പിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാകളക്ടർ, തിരുവല്ല RDO യുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ താലൂക്കുകളിലെ സർവ്വേയർമാർ അടങ്ങിയ സർവ്വേ ടീമാണ് ടോട്ടൽ സ്റ്റേഷൻ സർവ്വേ മുഖാന്തരം അനധികൃത ഖനനം നടന്നതിന്റെ വിസ്തൃതി തിട്ടപ്പെടുത്തിയത്. ടി വിസ്തൃതി തിട്ടപ്പെടുത്തിയ സ്കെച്ച് RDO ജിയോളജിസിറ്റിന് അയച്ചു തന്നതിന്റെ അടിസ്ഥാനത്തിൽ ജിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ സ്ഥല ഉടമയുടെ സാന്നിധ്യത്തിൽ അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ താഴ്ച നിർണയിച്ച് അനധികൃത ഖനനം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. ടി ക്വാറിയിലെ ഖനനം നടന്നത് (2004-2021) കാലയളവിൽ ആയതിനാൽ ടി കാലയളവുകളിൽ നിലനിന്ന 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും ഉൾപ്പെടുത്തിയാണ് ഗൂഗിൾ എർത്ത് മുഖാന്തരമുള്ള ഇമേജ് പരിശോധനയും സ്ഥല പരിശോധനകളുടെയും അടിസ്ഥാനത്തിൽ ഇപ്രകാരം കാലയളവ് തിരിച്ചിട്ടുള്ളത്.

3. ക്വാറിയിൽ ഖനനം നടന്നത് 2004-2021 കാലയളവിൽ ആയതിനാൽ ആകെനടന്ന ഖനനത്തിന്റെ കാലയളവ് നിശ്ചയിച്ചിട്ടുള്ള RQP സ്കെച്ച് ഹാജരാക്കിയിരുന്നു. ആയതിൽ ഒന്നാമത്തെ സ്കെച്ച് പരിശോധിച്ചതിൽ സർവ്വേ നമ്പർ 781/1-26, 781/1-30ൽപെട്ടതും മുൻകാലങ്ങളിൽ ലീസ് അനുവദിച്ചിരുന്നതുമായ സ്ഥലത്ത് നടന്ന 6,28,337.5MT കരിങ്കല്ല് ഖനനം 2004-2014 കാലയളവിൽ നടന്നതാണെന്ന് RQP യുടെ സ്കെച്ചിൽ പരാമർശിച്ചിട്ടുള്ളതും ആയത് 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസിൽ പരാമർശിച്ചിട്ടുള്ളതുമാണ്. രണ്ടാമത്തെ സ്കെച്ച് പരിശോധിച്ചതിൽ സർവ്വേ നമ്പർ 781/1-28-20, 781/1-16, 781/1-28-24, 781/1-28D2 ൽപെട്ടതും മുൻകാലങ്ങളിൽ CRPS പെർമിറ്റ് അനുവദിച്ചിരുന്നതുമായ സ്ഥലത്ത് നടന്ന 523900 MT ഖനനം 2013 മുതൽ 2019 വരെ നടന്നതാണെന്ന് RQP രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം RQP യുടെ സ്കെച്ച് പ്രകാരം 1967

ലെ ചട്ടങ്ങൾ നിലനിന്ന കാലയളവിലും 2015 ചട്ടങ്ങൾ നിലനിന്ന കാലയളവിലും ടി സ്ഥലത്ത് ഖനനം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ജില്ലാ ഓഫീസ് വിശദമായി പരിശോധിച്ചതിൽ 2015 ചട്ടങ്ങൾ നിലനിന്ന കാലയളവിലാണ് കൂടുതൽ ഖനനവും നടന്നിട്ടുള്ളതെന്നതിനാൽ ആയതിനെ 2015 കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ഖനനം നടത്തിയിട്ടുള്ളതായി പരിഗണിച്ചിട്ടുള്ളതാണ്. ഇപ്രകാരം ക്വാറിയിൽ നടന്ന അനധികൃത ഖനനം കൂടുതൽ ശാസ്ത്രീയമായി കാലഘട്ടം തിരിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി അപേക്ഷ 31/03/2024ന് സർക്കാർ അദാലത്ത് മുഖാന്തരം സമർപ്പിക്കുവാൻ അപ്പീൽ പെറ്റീഷണർക്ക് 20/03/2024ൽ ഒന്നാം അപ്പീൽ ഹിയർ ചെയ്ത വേളയിൽ നിർദ്ദേശം നൽകിയിരുന്നെങ്കിലും ഇപ്രകാരം അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. കൂടാതെ ടി സ്ഥലത്ത് നിലവിൽ അനധികൃത ഖനനം നടക്കുന്നതായും ആയതിനെതിരെ ജില്ലാ ജിയോളജി ഓഫീസ് നടപടി സ്വീകരിക്കണമെന്നും അറിയിച്ച് ജില്ലാ കളക്ടർ പത്തനംതിട്ട 21/08/2024 തീയതിയിൽ ജില്ലാ ഓഫീസിന് കത്ത് നൽകിയിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ അപ്പീൽ പെറ്റീഷണറുടെ വാദഗതികൾ തള്ളിക്കളഞ്ഞ് ഡിമാന്റ് നോട്ടീസിൽ പരാമർശിക്കുന്ന തുക ഈടാക്കുവാൻ ജില്ലാ ജിയോളജി ഓഫീസിനെ അനുവദിക്കണം.

8. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ ഹർജിക്കാരന്റെ വാദങ്ങളുടെയും, ബന്ധപ്പെട്ട രേഖകളുടെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പരാതിക്കാസ്പദമായ സ്ഥലത്തെ അനധികൃത ഖനനം സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ, തിരുവല്ല RDO യുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ താലൂക്കുകളിലെ സർവ്വേയർമാർ അടങ്ങിയ സർവ്വേ ടീമാണ് ടോട്ടൽ സ്റ്റേഷൻ സർവ്വേ മുഖാന്തരം അനധികൃത ഖനനം നടന്നതിന്റെ വിസ്തൃതി തിട്ടപ്പെടുത്തിയത്. റവന്യൂ വകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ മേൽനോട്ടത്തിലാണ് ക്വാറിയിലെ ഖനനം നടന്ന ഏരിയയുടെ താഴ്ച രേഖപ്പെടുത്തി ക്വാറിയിൽ നടന്ന ആകെ അനധികൃത ഖനനം തിട്ടപ്പെടുത്തി അപ്പീൽ പെറ്റീഷണർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. അപ്പീൽ പെറ്റീഷണറുടെ സാന്നിദ്ധ്യത്തിലാണ് ക്വാറിയിലെ ഖനനം നടന്ന ഏര്യയുടെ താഴ്ച രേഖപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ചുള്ള മഹസ്സറിൽ അപ്പീൽ കക്ഷി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഒന്നാം അപ്പീൽ അധികാരിയുടെ 05.10.2023 ൽ സ.ഉ(സാധാ) നം. 1027/2023/വ്യവ ഉത്തരവ് പ്രകാരം ആദ്യം നൽകിയ ഡിമാന്റ് നോട്ടീസ് പത്തനംതിട്ട ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം പുനർനിർണ്ണയിച്ച് നൽകിയിരുന്നു. ധാതു അനധികൃതമായി ഖനനം നടത്തിയ കാലഘട്ടം സംബന്ധിച്ചും അതിന് നിശ്ചയിച്ച പെനാലിറ്റി സംബന്ധിച്ചുമുള്ള അപ്പീൽ കക്ഷിയുടെ വാദത്തിൻമേൽ കുടിശ്ശിക നിവാരണ അദാലത്ത് സംബന്ധിച്ച ഉത്തരവിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് ഒന്നാം അപ്പീൽ അധികാരി പരാമർശം (2) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുമില്ല. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ഉന്നയിച്ച വാദങ്ങൾ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പില്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പരാമർശം (1) ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഹർജിക്കാരനിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന്

പത്തനംതിട്ട ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.കുര്യാക്കോസ് സാബു, മാനേജിംഗ് പാർട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോളി, വെച്ചൂച്ചിറ പി.ഒ, പത്തനംതിട്ട പരാമർശം (3) പ്രകാരം സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.കുര്യാക്കോസ് സാബു, മാനേജിംഗ് പാർട്ണർ, കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോളി, വെച്ചൂച്ചിറ പി.ഒ, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പത്തനംതിട്ട.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 22-10-2024 13:01:31
സെക്ഷൻ ഓഫീസർ